(സി) ഒരു ഡിപ്പോയും അടച്ചുപൂട്ടിയിട്ടില്ല.

(ഡി) അറിയാം.

(ഇ) യൂണിയനുകൾ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങളെല്ലാംതന്നെ സാമ്പത്തിക ബാദ്ധ്യതയുള്ളവയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന കോർപ്പറേഷന് ഈ ആവശ്യങ്ങൾ ഇപ്പോൾ അംഗീകരിക്കുവാൻ കഴിയുകയില്ല. സാമ്പത്തിക നില മെച്ചപ്പെടാതെ ചർച്ച നടത്തിയതുകൊണ്ട് പ്രയോജനം ഉണ്ടാകുമെന്ന് കരുതുന്നില്ല. എങ്കിലും ചർച്ച നടത്താൻ സന്നദ്ധമാണ്.

ദേശസാൽകൃത റൂട്ടുകളിൽ നിന്നുള്ള വരുമാനം

101 [1240] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന ഓരോ ദേശസാൽകൃത റൂട്ടിൽനിന്നും 1997-98 മുതൽ 2002-03 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ലഭിച്ച വരുമാനം എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി. റൂട്ട് തിരിച്ചുള്ള വരുമാനത്തിന്റെ കണക്ക് തയ്യാറാക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ പുതിയതരം ബസ്സുകൾ

102 [1241] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യിൽ എത്രമാത്രം വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) വർദ്ധനവിന് കാരണമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയ പുതിയതരം ബസ്സുകൾ നല്ല സർവ്വീസ് നൽകുന്നു എന്ന പൊതുജനങ്ങളുടെ അഭിപ്രായം മാനിച്ച് ഇത്തരത്തിലുള്ള കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് പ്രതിദിന കളക്ഷൻ 1.62 കോടി രൂപയായിരുന്നത് ഈ സർക്കാർ അധികാരമേറ്റശേഷം 1.79 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(ബി) നഷ്ടത്തിലോടുന്ന ഷെഡ്യൂളുകളും ട്രിപ്പുകളും നിർത്തലാക്കുകയും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുനഃക്രമീകരിക്കുകയും ചെയ്തതുവഴി വരുമാനവർദ്ധനവുണ്ടായി.

(സി) കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly